**ബയോടെക്നോളജി റെഗുലേറ്ററി അതോറിറ്റി കൃഷിയുടെ കാര്യത്തിൽ നിലവിൽ സംസ്ഥാനസർക്കാറിനുള്ള അധികാരങ്ങൾ കവർന്നെടുക്കുന്നു. ജൈവകൃഷി വിജയകരമാണെന്നുള്ള തെളിവുകൾ സ്വാമിനാഥനേക്കാൾ ആധികാരികതയോടെ സംസാരിക്കുന്നു. കൃഷിയിലെയും ഭക്ഷ്യസുരക്ഷയിലെയും പുത്തൻസങ്കൽപ്പങ്ങളും കൃഷിയിടങ്ങളിലെ കോർപ്പറേറ്റ് കടന്നുകയറ്റങ്ങളെ പ്രതിരോധിക്കേണ്ടതിനെക്കുറിച്ചും സംസാരിക്കുന്നു കവിത കുറുഗന്തി**

# ഹരിതവിപ്ലവത്തിന് ജൈവഗ്രാമങ്ങളുടെ മറുപടി

*ജനിതകമാറ്റം വരുത്തിയ വിത്തുകൾക്കെതിരെ നടക്കുന്ന പ്രക്ഷോഭത്തിന്റെ നിലവിലെ സ്ഥിതിയെന്താണ്? ബി.ടി വഴുതനയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാൻ കഴിഞ്ഞെങ്കിലും ജനിതകമാറ്റം വരുത്തിയ പല വിത്തുകളും കൃഷിയിടങ്ങളിലെത്താൻ സർക്കാർ അനുമതിക്കായി കാത്തുനിൽക്കുകയാണല്ലോ?*

ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ പരീക്ഷണം തിരിച്ചുപോക്കില്ലാത്ത വിധത്തിലുള്ള ദുരന്തങ്ങളാണ് സൃഷ്ടിക്കുന്നത്. ശാസ്ത്രീയമായ തെളിവുകളുടെ പിന്തുണയോടെയാണ് ഞങ്ങൾ ഇത് പറയുന്നത്. എന്നാൽ വിത്തുകുത്തകകൾ ഈ വാദഗതികൾ മറച്ച് വയ്ക്കുന്നു. ജി.എം വിത്തുകൾ കൃഷിചെയ്യുന്നതിനുള്ള അനുമതികൊടുക്കുന്ന ഒരു സമിതി പോലെയാണ് റെഗുലേറ്ററി അതോറിറ്റി പ്രവർത്തിക്കുന്നത്. വാണിജ്യാടിസ്ഥാനത്തിലുള്ള കാർഷികോത്പാദനത്തിന് സഹായകമാകുന്ന തരത്തിലുള്ള ഇടപെടലുകളാണ് റഗുലേറ്ററി അതോറിറ്റി നടത്തുന്നത്. ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ പരീക്ഷണം സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ കേന്ദ്രകൃഷിവകുപ്പ് മുന്നോട്ട് വച്ചിട്ടുണ്ട്. ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിലും വാണിജ്യപരമായ സുരക്ഷ നിലനിർത്തേണ്ടുന്ന മേഖലകളിലും ജനിതകമാറ്റം വരുത്തിയ വിത്തുകൾ പാടില്ല എന്ന് ആ നിർദ്ദേശത്തിൽ വ്യക്തമായി പറയുന്നുണ്ട്. ജനറ്റിക്കൽ എഞ്ചിനീയറിംഗ് അപ്രൂവൽ കമ്മിറ്റി ഈ നിർദ്ദേശങ്ങൾ പലതും ലംഘിക്കുന്നതായാണ് കാണാൻ കഴിയുന്നത്. ജനിതകമാറ്റം വരുത്തിയ അരി ഇന്ത്യ കയറ്റിഅയയ്ക്കുന്നുണ്ട്. വാണിജ്യപരമായ മേഖലകൾ ജി.എമ്മിൽ നിന്നും ഒഴിവാക്കണമെന്ന ചട്ടം അവിടെ പരസ്യമായി ലംഘിക്കപ്പെടുന്നു. ബി.ടി വഴുതനയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചെങ്കിലും ജിഎമ്മിന്റെ കാര്യത്തിൽ പല ജനദ്രോഹനയങ്ങളും സർക്കാർ തുടരുന്നുണ്ട്.

ഭരണഘടനാ ചട്ടലംഘനവുമായി ബന്ധപ്പെട്ടതാണ് മറ്റൊരു വിഷയം. ജിഎമ്മിന്റെ വിഷയത്തിൽ കേന്ദ്രതലത്തിലാണ് തീരുമാനങ്ങൾ എടുക്കപ്പെടുന്നത്. ഇത് കൃഷിയുടെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള സംസ്ഥാനത്തിന്റെ പഞ്ചായത്തിന്റെയും അധികാരങ്ങളെ മരവിപ്പിക്കുന്നു. സംസ്ഥാനസർക്കാറിന്റെ അനുമതിയില്ലാതെ ജി.എം വിത്തുകൾ സംസ്ഥാനത്തിനുള്ളിൽ പരീക്ഷിക്കാൻ പാടില്ല എന്നൊരു നിയമം ജയറാം രമേശ് കേന്ദ്ര പരിസ്ഥിതി മന്ത്രിയായിരുന്ന കാലത്ത് കൊണ്ടുവന്നിരുന്നു. തുടർന്ന് ഏഴ് സംസ്ഥാനങ്ങൾ ജി.എം പരീക്ഷണങ്ങൾക്ക് അനുമതി നിഷേധിച്ചു. ഹരിയാനയും ആന്ധ്രപ്രദേശും ഗുജറാത്തുമാണ് അനുമതി നൽകിയ സംസ്ഥാനങ്ങൾ. ഹരിയാനയും ആന്ധ്രയും ജി.എം പരുത്തിക്കും ഗുജറാത്ത് സിൻജെൻഡ എന്ന ജി.എം ചോളത്തിനുമാണ് അനുമതി നൽകിയിരിക്കുന്നത്. സിൻജെൻഡ മാത്രമാണ് ഇപ്പോൾ ഇന്ത്യയിൽ പരീക്ഷിക്കുന്ന ഏക ജി.എം ഭക്ഷ്യവിള. മറ്റ് പല വിളകളും പരീക്ഷണത്തിനായി ഒരുങ്ങിയെങ്കിലും എല്ലാത്തിനും തടയിടാൻ കഴിഞ്ഞു എന്ന

ത് സിവിൽസൊസൈറ്റി പ്രസ്ഥാനങ്ങളുടെ വിജയം തന്നെയാണ്. സംസ്ഥാന സർക്കാറുകളെയും കർഷകരേയും ജനിതകമാറ്റത്തിന്റെ പ്രശ്നങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്താൻ കഴിഞ്ഞതുകൊണ്ടാണ് ഈ വിജയം സാധ്യമായത്. ജി.എം പരീക്ഷണങ്ങൾക്ക് വേണ്ടിവരുന്ന മുടക്കുമുതൽ ഇല്ലാതെ തന്നെ കൃഷിയേയും കർഷകരേയും രക്ഷിക്കാൻ ജൈവികമായ പല പരീക്ഷണങ്ങളും നടത്താൻ കഴിയുമെന്ന് സംസ്ഥാന സർക്കാറുകൾക്ക് ബോധ്യമായിവരുന്നുണ്ട്.

ബയോടെക്നോളജി റെഗുലേറ്ററി അതോറിറ്റി (Biotechnology Regulatory Authority of India - BRAI) എന്ന ഒരു പുതിയ ബോഡി സ്ഥാപിച്ച് നിലവിൽ സംസ്ഥാനസർക്കാറിനുള്ള അധികാരങ്ങൾ തിരിച്ചെടുക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ പരീക്ഷണത്തിന് അനുമതി നൽകാനുള്ള അധികാരം സംസ്ഥാന സർക്കാറുകൾക്ക് നൽകിയാൽ ജനിതക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ കാലതാമസം വരുമെന്നും അതിനാൽ എല്ലാ നിയന്ത്രണാധികാരങ്ങളും കേന്ദ്രത്തിന് നൽകണമെന്നുമാണ് ബി.ആർ.എ.ഐ പ്രധാനമായും പറയുന്നത്. സംസ്ഥാന സർക്കാറുകളുടെ ഭാഗത്ത് നിന്നും ഇപ്പോഴുണ്ടായിരിക്കുന്ന എതിർപ്പുകളെ മറികടക്കാനുള്ള തന്ത്രപരമായ ശ്രമമാണ് ബി.ആർ.എ.ഐയുടെ രൂപീകരണത്തിലൂടെ കേന്ദ്രസർക്കാർ നടത്തുന്നത്. സംസ്ഥാന സർക്കാറുകൾ



**ചില പ്രത്യേക ധാന്യങ്ങൾ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ നിന്നും ശേഖരിച്ച്, മറ്റ് സ്ഥലങ്ങളിൽ വിതരണം ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നത് തീർത്തും അശാസ്ത്രീയമായ പരിപാടിയാണ്. ഭൂരിപക്ഷം ജനങ്ങളും ഭക്ഷ്യോത്പാദനത്തിലേക്കെത്തുമ്പോൾ മാത്രമാണ് ഭക്ഷ്യസുരക്ഷ യാഥാർത്ഥ്യമാകുന്നത്. ബഹുഭൂരിപക്ഷത്തിനും വേണ്ട ഭക്ഷ്യവസ്തുക്കൾ കുറഞ്ഞ ചിലവിൽ എത്തിക്കുന്നത് ഒരു ചാരിറ്റി പ്രവർത്തനം മാത്രമെ ആകുന്നുള്ളൂ. ബഹുഭൂരിപക്ഷത്തെയും കൃഷിയിലേക്കെത്തിക്കുക എന്ന രാഷ്ട്രീയപ്രവർത്തനമാണ് സർക്കാറുകൾ ചെയ്യേണ്ടത്**

ഈ ചതിക്കുഴി തിരിച്ചറിയുകയും എന്ത് കൃഷി ചെയ്യണമെന്ന് തീരുമാനിക്കാനുള്ള തങ്ങളുടെ പ്രാഥമിക അധികാരം സംരക്ഷിക്കാൻ മുന്നിട്ടിറങ്ങുകയും വേണം. കാരണം ജനിതകവിത്തുകളുടെ പരീക്ഷണം കൃഷിയേയും ആരോഗ്യത്തേയും പരിസ്ഥിതിയേയുമെല്ലാം ബാധിക്കുകയാണെങ്കിൽ അതിന് ഉത്തരം പറയേണ്ടിവരുന്നത് സംസ്ഥാന സർക്കാറാണ്. കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കേണ്ടതിന്റെ ഉത്തരവാദിത്തവും അവർക്കാണ്.

ബി.എ.ആർ.ഐ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പരിധിയിൽ വരുന്നു എന്നതാണ് മറ്റൊരു പ്രശ്നം. അതോടെ ജനിതകവിത്തുകൾ കൃഷി ചെയ്യണമോ എന്ന് തീരുമാനിക്കാനുള്ള അധികാരം കേന്ദ്ര ശാസ്ത്ര-സാങ്കേതിക വകുപ്പിന് ലഭിക്കുന്നു. ജനിതകവിത്തുകൾ പരിസ്ഥിതിയേയും ആരോഗ്യത്തേയും കൃഷിയേയും എങ്ങനെ ബാധിക്കുന്ന എന്നതിന്റെ അടിസ്ഥാനത്തിലാണ് നിയന്ത്രണം കൊണ്ടുവരേണ്ടത്. അത് തീരുമാനിക്കുന്ന അവകാശം പരിസ്ഥിതി-ആരോഗ്യ-കൃഷി വകുപ്പുകൾക്ക് തന്നെയാണുണ്ടാകേണ്ടത്. എന്നാൽ ശാസ്ത്ര-സാങ്കേതിക വകുപ്പ് അതിവേഗം അനുമതി നൽകാനുള്ള ഒരു സംവിധാനം മാത്രമായാണ് ബി.എ.ആർ.ഐയെ കാണുന്നത്.

*ബി.ടി വഴുതനയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച ശേഷം വീണ്ടും കൃഷിയിടങ്ങളിലേക്ക് പ്രവേശിക്കാൻ മറ്റെന്തെങ്കിലും നീക്കങ്ങൾ വിത്തുകുത്തകയായ മഹികോ നടത്തുന്നുണ്ടോ?*

മൊറട്ടോറിയം പ്രഖ്യാപിച്ച ശേഷം രണ്ട് മീറ്റിംഗുകൾ കൃഷി-ജൈവസാങ്കേതികവിദ്യ വിദഗ്ധരുടെ ആഭിമുഖ്യത്തിൽ നടന്നു. ഈ മീറ്റിംഗിൽ പങ്കെടുത്ത വിദഗ്ധരെല്ലാം മഹികോ പിന്തുണയ്ക്കുന്നവരായിരുന്നു. സർക്കാറിന്റെ നിർദ്ദേശങ്ങൾ മറികടന്ന് ഏത് വിധേനെയും ബി.ടി വഴുതന പരീക്ഷിക്കാനുള്ള നീക്കം നടത്തുകയാണവർ. ചെറിയ അളവിലെങ്കിലും പരീക്ഷണം നടത്താമെന്നാണ് അവർ പറയുന്നത്. അളവ് ചെറുതായാലും ജനിതകമാറ്റം വരുത്തിയ വിത്തുകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഇല്ലാതെയാകുന്നില്ല. ഇക്കാര്യം അറിയാവുന്നവർ തന്നെയാണ് ഈ നിർദ്ദേശം മുന്നോട്ട് വയ്ക്കുന്നത്.



കിസാൻ സ്വരാജ് യാത്ര ദില്ലിയിലെത്തിയപ്പോൾ

*പൊതുവിതരണ സമ്പ്രദായത്തിലൂടെ (Public Distribution System -PDS) ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്താനാണ് ഇന്ത്യൻ സർക്കാർ ഇപ്പോഴും ശ്രമിക്കുന്നത്. ഇത് എത്രത്തോളം ഫലപ്രദമാണ്. ഈ കേന്ദ്രീകൃത വിതരണസമ്പ്രദായം നമ്മുടെ കാർഷിക വ്യവസ്ഥ സംരക്ഷിക്കാൻ പര്യാപ്തമാണോ?*

ഭക്ഷ്യസുരക്ഷ പൊതുവിതരണ സമ്പ്രദായത്തിലൂടെ പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല. പ്രായോഗികമായി അതിന് കഴിയില്ല എന്ന് തെളിയിക്കുന്ന നീണ്ടകാലത്തെ അനുഭവം നമുക്കുണ്ട്. ചില പ്രത്യേക ധാന്യങ്ങൾ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ നിന്നും ശേഖരിച്ച്, മറ്റ് സ്ഥലങ്ങളിൽ വിതരണം ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നത് തീർത്തും അശാസ്ത്രീയമായ പരിപാടിയാണ്. ഭൂരിപക്ഷം ജനങ്ങളും ഭക്ഷ്യോത്പാദനത്തിലേക്കെത്തുമ്പോൾ മാത്രമാണ് ഭക്ഷ്യസുരക്ഷ യാഥാർത്ഥ്യമാകുന്നത്. ബഹുഭൂരിപക്ഷത്തിനും വേണ്ട ഭക്ഷ്യവസ്തുക്കൾ കുറഞ്ഞ ചിലവിൽ എത്തിക്കുന്നത് ഒരു ചാരിറ്റി പ്രവർത്തനം മാത്രമെ ആകുന്നുള്ളൂ. ബഹുഭൂരിപക്ഷത്തെയും കൃഷിയിലേക്കെത്തിക്കുക എന്ന രാഷ്ട്രീയ പ്രവർത്തനമാണ് സർക്കാറുകൾ ചെയ്യേണ്ടത്.

ഈ തെറ്റായ കാഴ്ചപ്പാടിന്റെ തുടർച്ചയായാണ് ഹരിതവിപ്ലവം വരുന്നതും നമ്മുടെ മണ്ണും ആരോഗ്യവുമെല്ലാം നശിക്കുന്നതും. ഭക്ഷ്യോത്പാദകരെയും ഭക്ഷ്യോപഭോക്താക്കളേയും പൊതുവിതരണ സമ്പ്രദായം രണ്ടായികാണുന്നു. കുറഞ്ഞ തുകയ്ക്ക് വലിയ തോതിൽ വിതരണം ചെയ്യേണ്ടി വരുന്നതിനാൽ കർഷകർക്ക് മാന്യമായ വില നൽകാതെയാണ് സർക്കാർ ധാന്യങ്ങൾ ശേഖരിക്കുന്നത്. അധ്വാനത്തിന്റെ വിലപോലും കർഷകർക്ക് ലഭിക്കാത്ത സാഹചര്യം പൊതുവിതരണ സമ്പ്രദായം സൃഷ്ടിച്ചു. ചാരിറ്റിയുടെ പേരിൽ അത് ന്യായീകരിക്കപ്പെടുന്നു. ഉത്പാദനത്തിന് വേണ്ടി വരുന്ന തുകയേക്കാൾ വളരെ കുറവാണ് സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില. ദരിദ്രർക്ക് ഭക്ഷണം ഉറപ്പുവരുത്താനെന്ന പേരിലാണ് ഇത് ചെയ്യുന്നത്. എന്നാൽ ഭക്ഷോത്പാദനത്തിൽ ഏർപ്പെടുന്നവരാണ് ഇന്ത്യയിലെ ഏറ്റവും ദരിദ്രജനവിഭാഗം. കുറഞ്ഞ താങ്ങുവില കാരണം കർഷകർക്ക് കുറഞ്ഞ വേതനം മാത്രമെ തൊഴിലാളികൾക്ക് നൽകാൻ കഴിയുന്നുള്ളൂ. ഇത് കൃഷിപണിക്ക് ആളുകൾ ഇല്ലാതെയാകുന്ന അവസ്ഥ സൃഷ്ടിച്ചു. കർഷകതൊഴിലാളിക്ക് കുറഞ്ഞ വേതനം നൽകിയിട്ട് ദരിദ്രർക്ക് ഒരു രൂപയ്ക്ക് അരി നൽകുന്നത് രാഷ്ട്രീയ നാടകമാണ്. ദരിദ്രരായ കർഷക തൊഴിലാളികൾ ദരിദ്രരായ ഭക്ഷ്യോപഭോക്താക്കളെ തൃപ്തിപ്പെടുത്താൻ കഷ്ടപ്പെടേണ്ടതുണ്ടോ? പ്രത്യേകിച്ച് ഈ രണ്ട് വിഭാഗവും ഏറെക്കുറെ ഒന്നാണെന്ന സ്ഥിതി നിലനിൽക്കെ.

ദാരിദ്ര്യവും പോഷകാഹാര കുറവും പരിഹരിക്കേണ്ടത് സർക്കാറിന്റെ കടമയാണ്. പരിസ്ഥിതി സൗഹൃദകൃഷി വ്യാപിപ്പിച്ചുകൊണ്ട് അത് നടപ്പിലാക്കണം. അതിന്റെ ഭാരം ദരിദ്രകർഷ

**കർഷകരുടെ മനസ് മാറിയിട്ടുണ്ട്. ജൈവകൃഷിയുടെ ഗുണങ്ങളും രാസകൃഷിയുടെ ദോഷങ്ങളും അവർക്ക് ബോധ്യമായിത്തുടങ്ങിയിട്ടുണ്ട്. ജൈവകൃഷിയിൽ വിജയകരമായ പരീക്ഷണങ്ങൾ വ്യാപകമായി സംഭവിക്കുന്നുണ്ട്. നമ്മാൾവാറിന് മാത്രം സാധ്യമാകുന്ന ഒരു കാര്യമല്ല ജൈവകൃഷിയെന്ന് ഇന്ന് ഏവർക്കും ബോധ്യമായിരിക്കുന്നു. ശാസ്ത്രസമൂഹത്തിന് മാത്രമാണ് അത് ഇനിയും ബോധ്യമാകാത്തത്**

കരെക്കൊണ്ട് ചുമപ്പിക്കുകയല്ല വേണ്ടത്. കർഷകർക്ക് മാന്യമായ വേതനം ഉറപ്പ് വരുത്തുന്ന ഒരു നിയമം (Farmers Income Guarantee Act) നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ ഞങ്ങൾ. കർഷക സംഘടനകളിലൂടെ അത് നടപ്പിലാക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

*കിസാൻ സ്വരാജ് യാത്രയ്ക്ക് വലിയ സ്വീകരണമാണല്ലോ എല്ലായിടത്തും ലഭിച്ചത്. യാത്രയുടെ ലക്ഷ്യങ്ങൾ സാധൂകരിക്കപ്പെട്ടോ?*

ജി.എം വിരുദ്ധ ക്യാമ്പയിൻ നടത്തുന്നതിനായി 2006ൽ രൂപീകരിച്ച കൂട്ടായ്മയാണ് കിസാൻ സ്വരാജ് യാത്ര നടത്താൻ തീരുമാനിച്ചത്. ജനിതകമാറ്റം വരുത്തിയ വിത്തുകളിലൂടെയല്ലാതെ, പരിസ്ഥിതി സൗഹൃദപരമായി തന്നെ കൃഷി അഭിവൃത്തിപ്പെടുത്താൻ കഴിയും എന്ന് സമൂഹത്തേയും ഭരണാധികാരികളെയും ബോധ്യപ്പെടുത്തുക എന്നതായിരുന്നു യാത്രയുടെ ലക്ഷ്യം. അത്തരം നിരവധി ഉദാഹരണങ്ങൾ ഇന്ന് ചൂണ്ടിക്കാണിക്കാൻ നമുക്കുണ്ട്. ആന്ധ്രയിലെ കമ്മ്യൂണിറ്റി മാനേജ്ഡ് സസ്റ്റെയ്നബിൾ അഗ്രികൾച്ചർ (Community Managed Sustainable Agriculture -CMSA) പരിപാടി ഒരു മികച്ച ഉദാഹരണമാണ്. സി.എം.എസ്.എയുടെ ഭാഗമായി 21 ജില്ലകളിലെ 4 ലക്ഷം കർഷകർ 18 ലക്ഷം ഏക്കറിൽ പരിസ്ഥിതി സൗഹൃദകൃഷി വിജയകരമായി ചെയ്യുന്നുണ്ട്. എൻ.ജി.ഒകൾ തുടങ്ങിയ പരിപാടി വിജയമായതോടെ ആന്ധ്ര സർക്കാർ അതേറ്റെടുത്തു. മറ്റ് സംസ്ഥാനങ്ങൾക്കും പരീക്ഷിക്കാവുന്ന കാര്യമാണിത്. കൃഷിക്കൊപ്പം പാരിസ്ഥിതിക സുസ്ഥിരത സർക്കാറിന്റെ പരിഗണനയായി മാറണം. ആന്ധ്ര സർക്കാറിന് അതിന് തയ്യാറായി. ഇത് മറ്റ് സംസ്ഥാനങ്ങളെ ബോധ്യപ്പെടുത്താൻ കിസാൻ സ്വരാജ് യാത്രയിലൂടെ ഞങ്ങൾ ശ്രമിച്ചു. 71 ദിവസം നീണ്ടുനിൽക്കുന്ന യാത്രയുടെ ഭാഗമായി രാജ്യത്തിന്റെ എല്ലാ പ്രദേശങ്ങളും സന്ദർശിച്ചു. വളരെ അനുകൂലമായ പ്രതികരണമാണ് എല്ലാ സ്ഥലങ്ങളിൽ നിന്നും ലഭിച്ചത്. രാഷ്ട്രീയപാർട്ടികളും രാഷ്ട്രീയ പാർട്ടികൾ പിന്തുണയ്ക്കുന്ന കർഷക പ്രസ്ഥാനങ്ങളും യാത്രയോടൊപ്പം ചേർന്നു. ചെറുസംഘങ്ങളിലല്ല, അത്തരം ബൃഹത്തായ കൂട്ടായ്മയിലാണ് കാർഷിക പ്രതിസന്ധി ഇനി ചർച്ചചെയ്യപ്പെടേണ്ടത്.

*ബയോടെക്നോളജി ഇന്ന് ഒരു പ്രധാന പഠനശാഖയാണ്. നിരവധി വിദ്യാർത്ഥികൾ അതിലേക്ക് ആകൃഷ്ടരാകുന്നുണ്ട്. ജനിതകസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പഠനങ്ങൾക്കാണ് അവർ കൂടുതൽ താത്പര്യം കാണിക്കുന്നത്. ഈ തലമുറയെ എങ്ങനെയാണ് അഭിമുഖീകരിക്കാൻ കഴിയുന്നത്?*

ബയോടെക്നോളജി എന്ന സാങ്കേതികവിദ്യ മുഴുവൻ പ്രശ്നമുള്ളതല്ല. ജനിതകമാറ്റവും ജനിതകസങ്കലനവുമാണ് പ്രധാനപ്രശ്നങ്ങൾ. അത് ബയോടെക്നോളജിയിലെ ഒരു ശാഖ മാത്രമാണ്. ജൈവകൃഷിയിലും ബയോടെക്നോളജിയുണ്ട്. ജീവാമൃതം, പഞ്ചഗവ്യം തുടങ്ങിയവയെല്ലാം ബയോടെക്നോളജി തന്നെയാണ്. കർഷകർ ജൈവകൃഷിയിൽ നടത്തുന്ന പരീക്ഷണങ്ങൾക്ക് നിരവധി സഹായങ്ങൾ ചെയ്യാൻ ബയോടെക്നോളജിക്ക് കഴിയും. പരിസ്ഥിതി സൗഹൃദ, കർഷക സൗഹൃദ സമീപനം ബയോടെക്നോളജിയിലും സാധ്യമാണ്. എന്നാൽ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും അതിന് തയ്യാറാകുന്നില്ല എന്നതാണ് പ്രശ്നം. അവർ ജനിതകസാങ്കേതികവിദ്യ പഠിക്കുന്നതിന് പിന്നിലുള്ള താത്പര്യം കൂടുതൽ നിക്ഷേപം ആ ശാഖയിൽ നടക്കുന്നു എന്നതാണ്. പണത്തിന്റെ ഒഴുക്കാണ് അവരുടെ താത്പര്യത്തെ നിർണ്ണയിക്കുന്നത്.

*കാർഷിക ലോകം ഇത്രയേറെ പ്രതിസന്ധികളിലൂടെ കടന്ന് പോയിട്ടും കൃഷിശാസ്ത്രജ്ഞന്മാരുടെ സമീപനത്തിൽ എന്തുകൊണ്ടാണ് മാറ്റമുണ്ടാകാത്തത്? ഹരിതവിപ്ലവം പരാജയപ്പെട്ടിട്ടും നിത്യഹരിതവിപ്ലവം തുടങ്ങാനുള്ള തയ്യാറെടുപ്പിലാണല്ലോ എം.എസ്. സ്വാമിനാഥൻ?*

ഹരിതവിപ്ലവം പഞ്ചാബിലെയും ഹരിയാനയിലെയും മണ്ണും ആരോഗ്യവും നശിപ്പിച്ചതിനെക്കുറിച്ച് വ്യക്തമായ തെളിവുകൾ ലഭ്യമാണ്. ആസൂത്രണബോർഡിന് വരെ അത് വ്യക്തമായിട്ടുണ്ട്. ശാസ്ത്രസമൂഹത്തിന് മാത്രമാണ് അത് ഇനിയും ബോധ്യമാകാത്തത്. പഞ്ചാബിലെ പരാജയപ്പെട്ട പരീക്ഷണം ബീഹാറിലും ഒറീസയിലും തുടരാനുള്ള തയ്യാറെടുപ്പിലാണവർ. പക്ഷെ കർഷകരുടെ മനസ് മാറിയിട്ടുണ്ട്. ജൈവകൃഷിയുടെ ഗുണങ്ങളും രാസകൃഷിയുടെ ദോഷങ്ങളും അവർക്ക് ബോധ്യമായിത്തുടങ്ങിയിട്ടുണ്ട്. ജൈവകൃഷിയിൽ വിജയകരമായ പരീക്ഷണങ്ങൾ വ്യാപകമായി സംഭവിക്കുന്നുണ്ട്. ഏതാനും ചിലർക്ക് മാത്രം സാധ്യമാകുന്ന ഒരു കാര്യമല്ല ജൈവകൃഷിയെന്ന് ഇന്ന് ഏവർക്കും ബോധ്യമായിരിക്കുന്നു. തെളിവുകൾ സ്വയം സംസാരിക്കുന്നു, സ്വാമിനാഥനേക്കാൾ ആധികാരികതയോടെ.

(തയ്യാറാക്കിയത്: സജീർ, എസ്. ശരത്)

**കാർട്ടൂൺ** **കെ. ഭരതൻ**



## നെൽവയൽ പരിവർത്തന ശ്രമത്തിനെതിരെ കളക്ടറുടെ ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കൊടകര ആനത്തടം പുത്തുക്കാവ് പാടശേഖരത്തിലെ മൂന്നേക്കറോളം നെൽവയൽ സ്വകാര്യവ്യക്തി വാങ്ങി, ജാതിതൈകൾ ഉൽപാദിപ്പിക്കുന്ന നഴ്സറിയും വാഴകൃഷിയും ആരംഭിച്ചത് നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന് എതിരാണെന്ന് കണ്ടതിനെ തുടർന്ന് കളക്ടർ നടപടിയെടുത്തു.
വിശദവിവരങ്ങൾക്ക്: 9895977769